**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4301** **28-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ കടബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ നിലവിലെ കടബാധ്യത എത്രയെന്നും പ്രസ്തുത കടബാധ്യത ഉണ്ടാകാനുള്ള കാരണവും വ്യക്തമാക്കാമോ; | (എ) | ഹ്രസ്വകാല വായ്പയും, ദീർഘകാല വായ്പയും, ഓവർഡ്രാഫ്റ്റും ചേർത്ത് 2020-21 ലെ ആഡിറ്റ് പൂർത്തീകരിച്ച കണക്കു പ്രകാരം കെ.എസ്.ഇ.ബി.യുടെ നിലവിലെ കടബാധ്യത 9056.71 കോടി രൂപയാണ്. ഇതിനു പുറമേ ട്രാൻസ്ഗ്രിഡ് പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നുള്ള വായ്പയായ 814 കോടി രൂപയും ഡാമുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ വഴി ലഭിച്ച 89.65 കോടി രൂപയും കടമായി മാറുന്നതാണ്. |
| (ബി) | കടബാധ്യതകൾ ലഘൂകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പലിശ നിരക്ക് കൂടിയ ലോണുകൾ തിരിച്ചടച്ച് പലിശ നിരക്ക് കുറഞ്ഞ ലോണുകൾ എടുത്ത് പലിശയിനത്തിൽ ഉണ്ടാകുന്ന ചെലവ് കുറച്ചും, വിവിധ ട്രാൻസ്മിഷൻ & ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്കുകൾ ചെയ്ത് വാണിജ്യ നഷ്ടം കുറച്ചും, കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വാങ്ങൽ കരാറുകളിൽ എർപ്പെട്ടും, കടബാധ്യത കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത നടപടികൾ കെ.എസ്.ഇ.ബി ലിമിറ്റഡിനെ ലാഭകരമാക്കുവാൻ സഹായിക്കുന്നതാണ്. |
| (സി) | കെ.എസ്.ഇ.ബി. ലാഭകരമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പലിശ നിരക്ക് കൂടിയ ലോണുകൾ തിരിച്ചടച്ച് പലിശ നിരക്ക് കുറഞ്ഞ ലോണുകൾ എടുത്ത് പലിശയിനത്തിൽ ഉണ്ടാകുന്ന ചെലവ് കുറച്ചും, വിവിധ ട്രാൻസ്മിഷൻ & ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്കുകൾ ചെയ്ത് വാണിജ്യ നഷ്ടം കുറച്ചും, കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വാങ്ങൽ കരാറുകളിൽ എർപ്പെട്ടും, കടബാധ്യത കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത നടപടികൾ കെ.എസ്.ഇ.ബി ലിമിറ്റഡിനെ ലാഭകരമാക്കുവാൻ സഹായിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ